**"ഭരണഭാഷ-മാതൃഭാഷ"**

No. DWCD/1092/2023-ICDSA8

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 10-02-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും,

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ് - ഐസിഡിഎസ് - സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി - വകുപ്പ് വിഹിതവും തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതവും പുന:ക്രമീകരിച്ചത് - സംബന്ധിച്ച്:-

സൂചന:- സഉ(സാധ)നം. 46/2025/WCDD തിയതി : 31.01.2025.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയ്ക്കായി DSR 2018 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചും എസ്റ്റിമേറ്റിന്റെ വകുപ്പ് വിഹിതവും, തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതവും 50:50 അനുപാതത്തിൽ ചുവടെ ചേർക്കും പ്രകാരം പുനഃക്രമീകരിച്ചും സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

| Sl.No. | Area in Cents | Plinth Area of the Propose Building | Unit Cost of Smart Anganwadi Scheme | Department Contribution (50%) | LSGD / MLA Contribution (50%) |
|---|---|---|---|---|---|
| 1 | 10 | 1655.23 | 52,00,000/- | 26,00,000/- | 26,00,000/- |
| 2 | 7.5 | 1352.52 | 48,20,000/- | 24,10,000/- | 24,10,000/- |
| 3 | 5 | 968.90 | 41,00,000/- | 20,50,000/- | 20,50,000/- |
| 4 | 3 | 789.75 | 31,44,000/- | 15,72,000/- | 15,72,000/- |
| 5 | 3 (Slopping Terrain) | 918.97 | 33,70,000/- | 16,85,000/- | 16,85,000/- |
| 6 | 1.25 | 581.00 | 26,80,000/- | 13,40,000/- | 13,40,000/- |

സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമായ സ്ഥലത്തിന് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ മേൽ പട്ടികയിൽ വിവരിക്കും പ്രകാരമുള്ള യൂണിറ്റ് കോസ്റ്റിനേക്കാൾ എസ്റ്റിമേറ്റ് തുക അധികരിക്കുന്നപക്ഷം, അനുവദനീയമായ വകുപ്പ് വിഹിതത്തേക്കാൾ അധികരിക്കുന്ന തുക LSGD / MLA വിഹിതമായി കണ്ടെത്തേണ്ടതാണ്.

സ്മാർട്ട് അങ്കണവാടി പദ്ധതിയ്ക്കായി മേൽ പട്ടികയിൽ വിവരിക്കുന്ന ആനുപാതത്തിൽ മാത്രമേ ഇനിയുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ പാടുള്ളൂ എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
A R Rahul
Date: 10-02-2025 14:53:16

**വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - ഐ സി ഡി എസ് - സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം - വകുപ്പ് വിഹിതവും LSGD വിഹിതവും പുനഃക്രമീകരിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിത ശിശു വികസന (ബി) വകുപ്പ്

സ.ഉ.(സാധാ) നം.46/2025/WCDD തീയതി,തിരുവനന്തപുരം, 31-01-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം. 96/2021/സാനീവ തീയതി 02.02.2021

2. വനിത ശിശു വികസന ഡയറക്ടറുടെ 02.11.2023, 13.03.2024 ലെ DWCD/1092/2023-ICDSA8 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് 01.04.2019 മുതൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിൽ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ആധുനിക രീതിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ പ്ലാനും പ്രൈസ് സോഫ്റ്റ്‌വെയറിലുള്ള എസ്റ്റിമേറ്റിനും 30.01.2020ന് ചേർന്ന ഐസിഡിഎസ് മിഷൻ 4-ാമത് ഗവേണിംഗ് ബോഡി അംഗീകാരം നൽകിയിട്ടുണ്ട് കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് (10, 7.5, 5, 3, 3 (Slopping Terrain), 1.25 സെന്റ്) ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട LSGD വിഹിതമായി കണ്ടെത്തുവാനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

(2) സ്മാർട്ട് അങ്കണവാടികളുടെ അംഗീകൃത പ്ലാനിൽ(10, 7.5, 5 സെന്റ്) കെട്ടിടത്തോടൊപ്പം ഉൾപ്പെടുത്തിയിരുന്ന സ്വിമ്മിംഗ് പൂൾ സംവിധാനം ആവശ്യമില്ലായെന്നും ടി സ്വിമ്മിംഗ് പൂൾ, കെട്ടിട നിർമ്മാണത്തിൽ നിന്നും ഒഴിവാക്കി മുൻപ് തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയിൽ നിന്നും സ്വിമ്മിംഗ് പൂൾ കോസ്റ്റ് കുറവുചെയ്ത് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടികളുടെ എസ്റ്റിമേറ്റ് തുകയിൽ നിന്നും സ്വിമ്മിംഗ് പൂൾ കോസ്റ്റ് ഒഴിവാക്കി വകുപ്പ്-LSGD വിഹിതം ക്രമീകരിച്ചിട്ടുണ്ട്.

(3) സംസ്ഥാനത്ത് DSR 2018 പ്രകാരമുള്ള നിരക്കുകൾ നിലവിൽ വന്നതിനാൽ സ്മാർട്ട്

അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയുടെ എസ്റ്റിമേറ്റ് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന DSR 2018 പ്രകാരം പുതുക്കിയിട്ടുണ്ട്. ആയതു പ്രകാരം തുകയിൽ 13.70% മുതൽ 25.39% വരെ വർദ്ധനവ് വന്നിട്ടുള്ളത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഏരിയ | നിലവിലെ എസ്റ്റിമേറ്റ് തുക (DSR 2016) | പുതുക്കിയ എസ്റ്റിമേറ്റ് തുക (DSR 2018) | വർദ്ധനവ് | % of increase |
|---|---|---|---|---|---|
| 1 | 10 | 42,92,340/- | 52,00,000/- | 9,07,660/- | 21.14% |
| 2 | 7.5 | 42,42,174/- | 48,20,000/- | 5,77,826/- | 13.62% |
| 3 | 5 | 32,31,328/- | 41,00,000/- | 8,68,672/- | 26.88% |
| 4 | 3 | 27,64,952/- | 31,44,000/- | 3,79,048/- | 13.70% |
| 5 | 3 (slopping terrain) | 28,70,133/- | 33,70,000/- | 4,99,867/- | 17.41% |
| 6 | 1.25 | 21,37,256/- | 26,80,000/- | 5,42,744/- | 25.39% |

സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പുതുക്കിയ എസ്റ്റിമേറ്റ് തുകയുടെ വകുപ്പ് വിഹിതവും, തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതവും 60:40 അനുപാതത്തിൽ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. | Area in Cents | Plinth Area of the Propose Building | Existing Cost of Smart Angnawadi Scheme | Revised Unit Cost of Smart Anganwadi Scheme | Proposed Department Contribution (60%) | Proposed LSGD/MLA Contribution (40%) |
|---|---|---|---|---|---|---|
| 1 | 10 | 1655.23 | 42,92,340/- | 52,00,000/- | 31,20,000/- | 20,80,000/- |
| 2 | 7.5 | 1352.52 | 42,42,174/- | 48,20,000/- | 28,92,000/- | 19,28,000/- |

| | | | | | | |
|---|---|---|---|---|---|---|
| 3 | 5 | 968.90 | 32,31,328/- | 41,00,000/- | 24,60,000/- | 16,40,000/- |
| 4 | 3 | 789.75 | 27,64,952/- | 31,44,000/- | 18,86,400/- | 12,57,600/- |
| 5 | 3 (slopping terrain) | 918.97 | 28,70,133/- | 33,70,000/- | 20,22,000/- | 13,48,000/- |
| 6 | 1.25 | 581.00 | 21,37,256/- | 26,80,000/- | 16,08,000/- | 10,72,000/- |

സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന തയ്യാറാക്കിയ DSR 2018 പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽ പട്ടികയിൽ വിവരിക്കും പ്രകാരം സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയുടെ വകുപ്പ് വിഹിതവും, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതവും 60:40 ആനുപാതത്തിൽ പുനഃക്രമീകരിച്ച് ഉത്തരവാകണമെന്ന് പരാമർശം രണ്ടിലെ 2/11/2023 തീയതിയിലെ കത്ത് പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു .സ്മാർട്ട് അംഗൻവാടി പദ്ധതിക്കായി വകുപ്പ് വിഹിതവും തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതവും 60:40 അനുപാതത്തിൽ ക്രമീകരിക്കുന്നതിന് പകരം 50:50 അനുപാതത്തിൽ ക്രമീകരിക്കുന്നത് കൂടുതൽ അഭികാമ്യമാണെന്നു പരാമർശം 2 ലെ 13.03.2024 തീയതിയിലെ കത്ത് പ്രകാരം ഡയറക്ടർ അഭിപ്രായപ്പെടുകയും ചെയ്തു .

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതുക്കിയ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയ്ക്കായി DSR 2018 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചും എസ്റ്റിമേറ്റിന്റെ വകുപ്പ് വിഹിതവും, തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതവും 50:50 അനുപാതത്തിൽ ചുവടെ ചേർക്കും പ്രകാരം പുനഃക്രമീകരിച്ചും ഇതിനാൽ ഉത്തരവാകുന്നു.

| Sl No. | Area in Cents | Plinth Area of the Propose Building | Existing Cost of Smart Angnawadi Scheme | Revised Unit Cost of Smart Anganwadi Scheme | Proposed Department Contribution (50%) | Proposed LSGD/MLA Contribution (50%) |
|---|---|---|---|---|---|---|
| 1 | 10 | 1655.23 | 42,92,340/- | 52,00,000/- | 26,00,000/- | 26,00,000/- |
| 2 | 7.5 | 1352.52 | 42,42,174/- | 48,20,000/- | 24,10,000/- | 24,10,000/- |
| 3 | 5 | 968.90 | 32,31,328/- | 41,00,000/- | 20,50,000/- | 20,50,000/- |
| 4 | 3 | 789.75 | 27,64,952/- | 31,44,000/- | 15,72,000/- | 15,72,000/- |

| | | | | | | |
|---|---|---|---|---|---|---|
| 4 | 3 | 789.75 | 27,64,952/- | 31,44,000/- | 15,72,000/- | 15,72,000/- |
| 5 | 3 (slopping terrain) | 918.97 | 28,70,133/- | 33,70,000/- | 16,85,000/- | 16,85,000/- |
| 6 | 1.25 | 581.00 | 21,37,256/- | 26,80,000/- | 13,40,000/- | 13,40,000/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.റ്റി.കെ.

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 31-01-2025 14:43:55